ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/LFB/5.2026 July 05, 2026

മിഷൻ അപ്പീലും അനുവാദ പത്രവും സംബന്ധിച്ച്

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ:

നമ്മുടെ പിതാവായ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ നമ്മുടെ എല്ലാ പള്ളികളിലും ആഘോഷപൂർവ്വം കൊണ്ടാടിയെന്ന് കരുതുന്നു. തോമാശ്ലീഹായുടെ ആഴമായ വിശ്വാസം നമ്മുടെ പൗരോഹിത്യ ജീവിതത്തിൽ ക്രിസ്തുവിന്റെ സാക്ഷികളായി തീരുവാൻ നമ്മെ എന്നും സഹായിക്കുമാറാകട്ടെ. ഞാൻ കാനഡ സന്ദർശത്തിനു ശേഷം ജൂലൈ 3 ന് രാത്രി തിരിച്ചെത്തി. യാത്ര സുഖകരമായിരുന്നു.

മിഷൻ അപ്പീലും അനുവാദ പത്രവും

നമ്മുടെ രൂപതയിലേക്ക് സേവനത്തിനായി വന്ന പുതിയ അച്ചന്മാരെ കണ്ട് സംസാരിച്ചപ്പോൾ ഞാൻ അവരോട് ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. അത് എല്ലാവരേയും അറിയിക്കണമെന്ന് ചിലരെങ്കിലും താല്പര്യപ്പെട്ടു. മറ്റ് രൂപതകളിൽ നിന്നും മണ്ഡ്യ രൂപതയിൽ വന്ന് മിഷൻ അപ്പീൽ നടത്തുവാൻ ആഗ്രഹിക്കുന്ന പള്ളികളുണ്ട്. നമ്മുടെ ഇടവകകൾ സാമ്പത്തികമായിട്ട് ഉയർന്നു നിൽക്കുന്നു എന്നൊരു ചിന്തയുള്ളതുകൊണ്ടാണ് അവർ ഇവിടെ വരിക. തീർച്ചയായിട്ടും മിഷനെ സഹായിക്കുക എന്നത് നമ്മുടെ വലിയ ഉത്തരവാദിത്വവുമാണ്. അതിന്റെ ആദ്യ നടപടിയായിട്ടാണല്ലോ ഏകദേശം പതിനഞ്ചോളം ഇടവകകൾ മണ്ഡ്യ രൂപതയിൽ തന്നെയുള്ള മിഷൻ സ്റ്റേഷനുകളെ സഹായിക്കുവാനായിട്ട് മുന്നോട്ടുവന്നത്. അവരെയെല്ലാവരെയും സ്നേഹത്തോടെ ഓർക്കുന്നു.

മിഷൻ അപ്പീലിനുള്ള നടപടിക്രമം

മെത്രാന്മാരുടെ ഇടയിലും നമ്മുടെ ഭാരതത്തിലുമുള്ള പതിവ് അനുസരിച്ച്, മിഷൻ അപ്പീലിന് വരുന്ന ആളുകൾ അതാത് രൂപതകളുമായി ബന്ധപ്പെട്ട് അനുവാദം വാങ്ങിച്ചതിനു ശേഷം ഇടവകകളിൽ വന്ന് മിഷൻ അപ്പീൽ നടത്തുക എന്നുള്ളതാണ് അതിന്റെ നടപടിക്രമം. നമ്മുടെ രൂപതയിലും ഇത് നടപ്പിൽ വരുത്തുകയാണ്.

പുതിയ ക്രമീകരണങ്ങൾ (2026 ജൂലൈ മാസം മുതൽ)

ഇങ്ങനെ ഒരു ക്രമീകരണം നടപ്പിലാകുന്നതോടെ ആളുകൾ ചോദിക്കുമ്പോൾ നമ്മുടെ ഇടവകകൾക്ക് ഭാരം വരുത്താതെ അത് ചെയ്യുവാൻ നമുക്ക് സാധിക്കും. ഓരോ ഇടവകകൾക്കും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും അവസരം കിട്ടുന്ന വിധത്തിൽ, ആവശ്യമാണെങ്കിൽ മാത്രമേ അവർക്ക് നമ്മൾ അനുവാദം നൽകുകയുള്ളൂ. അല്ലാത്ത പക്ഷം ബുദ്ധിമുട്ടുണ്ടാകുക നമ്മുടെ ഇടവക ജനത്തിനാണ്, അത് പലപ്പോഴും അവർ നമ്മളോട് പറഞ്ഞില്ലെങ്കിൽപ്പോലും. അതുകൊണ്ട് ഈ ജൂലൈ മാസം തൊട്ട് ആ ക്രമം നമ്മുടെ രൂപതയിലും വരികയാണ്. ആരെങ്കിലും നിങ്ങളെ മിഷൻ അപ്പീലിനായി സമീപിച്ചാൽ രൂപതയിലേക്ക് ഒരു റിക്വസ്റ്റ് ലെറ്റർ (Request Letter) വെയ്ക്കുവാനും, പെർമിഷൻ കിട്ടിയതിനു ശേഷം നിങ്ങളെ കോൺടാക്ട് ചെയ്യുവാനും പറഞ്ഞാൽ അത് നിങ്ങൾക്കും സഹായകമായിരിക്കും.

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

ഇടവക ജന പങ്കാളിത്തവും സിനഡാലിറ്റിയും

ചിലപ്പോഴെങ്കിലും ആളുകൾക്ക് തുടരെത്തുടരെയുള്ള മിഷൻ അപ്പീലുകൾ ബുദ്ധിമുട്ടായിട്ട് മാറാറുണ്ട്. അവർ പള്ളിയിൽ വന്നു കഴിയുമ്പോൾ, മുന്നറിയിപ്പില്ലാതെ ഒരു അച്ചൻ അവിടെ വരുന്നു, ആവശ്യങ്ങൾ പറയുന്നു; എപ്പോഴും അവരുടെ കയ്യിൽ പണമുണ്ടാകണമെന്ന് നിർബന്ധമില്ലല്ലോ.

നമ്മൾ ഭാവിയിൽ ചെയ്യുവാൻ പോകുന്നത്

ഏതെങ്കിലും പള്ളിയിൽ നമ്മൾ ഒരു മിഷൻ അപ്പീൽ അസൈൻ ചെയ്തു കഴിഞ്ഞാൽ, രണ്ടോ മൂന്നോ ആഴ്ചകൾക്ക് മുൻപ് വികാരിയച്ചൻ പള്ളിയിൽ വിളിച്ചു പറയും. അവരെ വളരെ സ്നേഹത്തോടെ സ്വീകരിക്കും. അവർക്ക് പറയാനുള്ള കാര്യങ്ങൾ കേൾക്കുവാൻ ഇടവക ജനത്തിന് അവസരമൊരുക്കും. അവരും ഇതുവഴി ആ മിഷന്റെ ഭാഗമായിട്ട് മാറും. ക്രമപ്രകാരം പള്ളികൾ തെരഞ്ഞെടുത്താണ് നമ്മൾ അനുവാദം കൊടുക്കുക.

സഭയുടെ പൊതുവായ നടപടിക്രമം

നമ്മുടെ രൂപതയിൽ നിന്നും മറ്റ് രൂപതകളിലെ പള്ളികളിലേക്കും ഇതുപോലെ മിഷൻ അപ്പീലിനായി പോകാറുണ്ട്. അപ്പോഴെല്ലാം അവിടെയുള്ള രൂപതാ മേലധ്യക്ഷന്മാരുടെ അനുവാദം വാങ്ങിയിട്ടാണ് നമ്മൾ അച്ചന്മാരെ അയക്കുന്നത്. ഈ കാര്യത്തിൽ സീറോ മലബാർ സഭ വളരെ വ്യക്തമായ ഒരു നടപടിക്രമം പിന്തുടരുന്നുണ്ട്. നമ്മുടെ രൂപതയിലും ഇത് നടപ്പിൽ വരുത്തുവാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. രൂപതയിൽ നിന്ന് അറിയിക്കുമ്പോൾ, നിങ്ങളുടെ പാരിഷ് കൗൺസിലിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ട് രൂപതയെ അറിയിച്ചു കഴിഞ്ഞാൽ മാത്രമേ അവർക്ക് അനുവാദം നൽകുകയുള്ളൂ.

അപ്പോൾ ഇടവക ജനത്തിനും നമ്മുടെ ഒരു സിനഡാലിറ്റിയുടെ ഭാഗമായിട്ട് ഈ തീരുമാനമെടുക്കുന്നതിൽ പങ്കാളിത്തമുണ്ടാകും.

മണ്ഡ്യയിലെ ഇടവകകളും ദിവ്യകാരുണ്യ സെന്ററുകളും മിഷൻ സ്റ്റേഷനുകളും

നമ്മുടെ രൂപതയിലെ ചില ഇടവകകൾ സ്ഥലം വാങ്ങുവാനും പള്ളി പണിയുവാനുമുള്ള അശ്രാന്തപരിശ്രമത്തിലാണ്. നമ്മുടെ വികാരിയച്ചന്മാർ ആവശ്യപ്പെടുമ്പോൾ അവർക്ക് സ്വാഗതമരുളുകയും ഇനി ഞായറാഴ്ച നൽകുവാൻ സാധിച്ചില്ലെങ്കിൽ കാര്യമായ ഒരു സം ഭാവന ഇടവകയിൽ നിന്ന് നൽകുകയും ചെയ്യണേ.

അങ്ങനെ നമുക്ക് ഒരുമിച്ച് ചേർന്ന് തീരുമാനമെടുക്കുന്ന ഒരു സഭയായി മാറാം. ദൈവം നിങ്ങളെ സമൃദ്ധമായിട്ട് അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ,

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
മണ്ഡ്യ രൂപത മെത്രാൻ

Please Note: ഈ വിവരം ബഹുമാനപ്പെട്ട അച്ചന്മാർ ഇടവക പാരിഷ് കൗൺസിലിൽ പങ്കുവക്കുമല്ലോ.